II ഇ. ബി. XIV - കേരള നിയമസഭ/XIII- 9

## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ഡിസംബർ 10, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടും സഭാ കവാടത്തിനു മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്ന എം.എൽ.എ.മാർക്ക് അഭിവാദ്യം അർപ്പിച്ചും യു.ഡി.എഫ്. അംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. )

13(*241, *244, *259, *261) തീരദേശപാതയുടെയും മലയോര ഹൈവേയുടെയും നിർമ്മാണം

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ)

നൽകിയ മറുപടിയിൽ, നാറ്റ്പാക് സമർപ്പിച്ച 660 കി.മീ. തീരദേശ ഹൈവേയുടെയും 1261 കി.മീ. മലയോര ഹൈവേയുടെയും അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ടെന്നും ഇതിനായി പതിനായിരം കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തീരദേശ ഹൈവേയ്ക്ക് 10.07.2017-ൽ 6,500 കോടി രൂപ അനുവദിക്കുകയും മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കിലോ മീറ്റർ റോഡിന് 52.78 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും കേരള റോഡ് ഫണ്ട് ബോർഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സൈക്കിൾ ട്രാക്ക് ഉൾപ്പെടെ 14 മീറ്റർ വീതിയിൽ തീരദേശ ഹൈവേ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ കന്യാകുമാരി ജില്ലയിലെ കൊല്ലങ്കോട് വരെ നിർദ്ദിഷ്ട ഹൈവേ ദീർഘിപ്പിക്കണമെന്നും ഹൈവേ കടന്നുപോകുന്ന മണ്ഡലങ്ങളിലെ ഉപഭോക്താക്കളുമായി മീറ്റിംഗുകൾ നടത്തി അലൈൻമെന്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന് കിഫ്ബിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തുറമുഖ പ്രദേശങ്ങളിൽ എലവേറ്റഡ് റോഡ് നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതും കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്. മലയോര ഹൈവേയുടെ നിർമ്മാണം 43 റീച്ചുകളായാണ് ഏറ്റെടുക്കുന്നതെന്നും 24 പദ്ധതികളുടെ

ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചതിൽ 17 എണ്ണത്തിന് 1,506 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും 4 പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും ഭൂമി സൗജന്യമായി ലഭ്യമാകുന്ന മുറയ്ക്ക് മറ്റുള്ളവയ്ക്ക് സാങ്കേതികാനുമതി നൽകുന്നതാണെന്നും 2021 മാർച്ച് മാസത്തോടുകൂടി നിർദ്ദിഷ്ട ഹൈവേയുടെ നിർമ്മാണം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. സൗജന്യമായി ഭൂമി നൽകുന്ന കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. മലയോര ഹൈവേ കടന്നുപോകുന്ന ഭാഗത്തെ വനഭൂമി ലഭ്യമാക്കുന്നതിന് പൊതുമരാമത്ത്/വനം വകുപ്പുകൾ സംയുക്ത സ്ഥലപരിശോധന നടത്തി അപേക്ഷ സമർപ്പിക്കുന്ന നടപടികൾ പുരോഗമിച്ചു വരികയാണ്. ദേശീയപാതകൾ നാലുവരിയാക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ 95 ശതമാനം ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നും തുടർനടപടികൾ 31.12.2018-ന് പൂർത്തീകരിക്കുന്നതാണെന്നും കണ്ണൂർ ജില്ലയിലെ തലശ്ശേരി-മാഹി ബൈപ്പാസ് റോഡിന്റെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ എൽ.എ. ആക്ട് പ്രകാരമുള്ള നടപടി പൂർത്തീകരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും എറണാകുളം ജില്ലയിൽ 3A നോട്ടിഫിക്കേഷൻ

അനുസരിച്ചുള്ള ഭൂമി രാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും ആലപ്പുഴ ജില്ലയിൽ വീണ്ടും സർവ്വേ നടത്തേണ്ടതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികളിൽ കാലതാമസം നേരിട്ടിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കൊല്ലം ജില്ലയിൽ അതിർത്തി കല്ലുകൾ പുന:സ്ഥാപിക്കേണ്ടതുണ്ട്. തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം മേൽപ്പാലത്തിന്റെ പൊന്നുംവില അവാർഡ് നടപടികൾ പൂർത്തീകരിക്കുകയും കഴക്കൂട്ടം മുതൽ കാരോട് വരെയുള്ള ബൈപ്പാസ് ജോലികൾ പുരോഗമിച്ചുവരികയുമാണ്. നീലേശ്വരം റെയിൽവേ ഓവർബ്രിഡ്ജിന്റെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് മതിയായ നഷ്ടപരിഹാരം നൽകുമെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(പ്രതിപക്ഷ ബഹളം കാരണം തുടർന്നുള്ള ചോദ്യങ്ങൾ പരിഗണനയ്ക്കെടുത്തില്ല.)

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3044 മുതൽ 3432 വരെയുള്ള ചോദ്യങ്ങളിൽ 225 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)